പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1840 17.12.2012 ൽ മറുപടിയ്ക്ക്

താൽക്കാലിക നിയമനം ലഭിച്ച വികലാംഗരെ സ്ഥിരപ്പെടുത്തുവാൻ നടപടി

ചോദ്യം മറുപടി

ശ്രീ. എ.എം.ആരിഫ് ശ്രീ.ഉമ്മൻ ചാണ്ടി

(മുഖ്യമന്ത്രി)

| | |
|---|---|
| (എ) 1991-2001 ന് ഇടയ്ക്ക് ജോലി ചെയ്യതും 179 ദിവസം പൂർത്തിയാക്കിയതുമായ താൽക്കാലിക വികലാംഗ നിയമന പ്രകാരം ജോലി ചെയ്തവരെ നിയമിച്ചാൽ വികലാംഗ നിയമനത്തിൽ 3% സംവരണം ഏർപ്പെടുത്തിയതിന്റെ ബാക്ക് ലോഗ് നികത്താനാകുമോ ; | (എ) ബാക്ക് ലോഗിന്റെ കാലഘട്ടം, 1991-2001 ന് ഇടയ്ക്ക് ജോലി നോക്കിയിരുന്ന താൽക്കാലിക വികലാംഗരുടെ എണ്ണം ഇവ കണക്കാക്കിയാൽ മാത്രമേ ഇപ്രകാരം നിയമനം നൽകിയാൽ ബാക്ക് ലോഗ് പൂർണ്ണമായി നികത്താനാവുമോ എന്ന് അറിയിക്കാനാവൂ. എങ്കിലും ജി.ഒ(പി)7/11/സാ.ക്ഷേ.വ തീയതി 24.1.2011 ലെ ഉത്തരവു പ്രകാരം 2004-07 കാലഘട്ടത്തിൽ സർക്കാർ വകുപ്പുകളിലെ 1188 തസ്തികകൾ ബാക്ക് ലോഗായി കണ്ടെത്തുകയും ടി ഒഴിവുകൾ നികത്തുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) വികലാംഗരുടെ നിയമനങ്ങളിൽ പട്ടികജാതി പട്ടിക വർഗ്ഗക്കാരായിട്ടുള്ളവർക്ക് നിയമനങ്ങളിൽ മുൻഗണന നൽകത്തക്ക നിലയിൽ 2001 ന് ശേഷം ജോലി നൽകിയിട്ടുള്ള വികലാംഗർക്ക് പ്രത്യേക പരിഗണന നൽകുമോ; | (ബി) 2001 ന ശേഷം താൽക്കാലിക ജോലി നോക്കിയിരുന്ന വികലാംഗ ജീവനക്കാരെ സ്ഥിരപ്പെടുത്താൻ തീരുമാനിച്ചിട്ടില്ല. |
| (സി) പ്രമുഖ കവയിത്രിയും വിവിധ അവാർഡ് ജേതാവും പോസ്റ്റ് ഗ്രാജുവേറ്റും പട്ടികജാതിക്കാരിയുമായ രമ്യ, തുറവൂർ കേരള സ്റ്റേറ്റ് ഹൌസിംഗ് ബോർഡിലെ ചേർത്തല ഓഫീസിൽ 179 ദിവസ പ്രകാരം രണ്ട് തവണ ഇടവിട്ട് ജോലി ചെയ്തത് പരിഗണിച്ച് ബഹു:മുഖ്യമന്ത്രിയ്ക്ക് നൽകിയിട്ടുള്ള അപേക്ഷയിന്മേൽ സ്ഥിര നിയമനം നൽകുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) നിലവിലുള്ള ചട്ടപ്രകാരം പരിശോധിച്ച് തീരുമാനിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ